## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, കോട്ടയം- പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ ഉപയോഗ കെട്ടിടനിർമ്മാണം- ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: കോട്ടയം മാർ ഗ്രിഗോറിയോസ് എഡ്യൂക്കേഷണൽ സൊസൈറ്റി സെക്രട്ടറിയുടെ 19.03.2019-ലെ കത്ത്.

---

**ഉത്തരവ് നമ്പർ C/553/2019/D.Dis** **തീയതി: 25.04.2019.**

---

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള, പനച്ചിക്കാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 20-ൽ റീസർവ്വേ നമ്പർ 735/1, 735/2, 735/3, 735/4, 740/6, 740/7-1-3-1, 740/7-1-3-2, 745/4-1, 745/4-2, 745/4-3, 746/4 എന്നിവയിൽപെട്ട 27846.33 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വിദ്യാഭ്യാസ അനുബന്ധ കെട്ടിടങ്ങൾ നിലവിലുള്ളതും, 14514.39 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ വിദ്യാഭ്യാസ - ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മാണത്തിലിരിക്കുന്നതുമായ പ്ലോട്ടിൽ 28226.01 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ വിദ്യാഭ്യാസ ഉപയോഗ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ-2011-ലെ ചട്ടങ്ങൾക്കും, താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി., അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണ അനുമതി നൽകുവാൻ പാടുള്ളു.

__നിബന്ധനകൾ:-__

1. കെ.പി.ബി.ആർ.-2011 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2. കെ.പി.ബി.ആർ. അദ്ധ്യായം XIX പ്രകാരമുള്ള സേഫ്റ്റി പ്രൊവിഷനുകൾ പാലിക്കണം.
3. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
5. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
6. ചട്ടം 56(4) പ്രകാരം നിർമ്മാണങ്ങൾക്ക് അഗ്നിസുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി ആവശ്യമാണ്.
7. ചട്ടം 56(5) പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനം ഉറപ്പുവരുത്തണം.

8. ചട്ടം 54(9) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പുവരുത്തണം.
9. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. നേടിയിരിക്കണം.
10. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും, വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും, അവ ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
11. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
12. ചട്ടപ്രകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും, ഫയർ എസ്കേപ്പ് സ്റ്റെയർ ചട്ടപ്രകാരമാണെന്നും സെക്രട്ടറി ഉറപ്പാക്കണം.
13. കെ.പി.ബി.ആർ-2011-നും, അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
14. മേൽ അംഗീകാരം, കെട്ടിട നിർമ്മാണം / ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.പി.ബി.ആർ-2011 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിക്ക് പരിഗണിക്കാവൂ.

***"ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ / വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമെ നിർമ്മാണം ആരംഭിക്കാൻ പാടുള്ളു."***

**(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 23/19/Ktm)**

ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയം
പിൻ - 686 001
ഫോൺ: 2564160
കോട്ടയം

**സുജാ മത്തായി**
**നഗരാസൂത്രക**

സെക്രട്ടറി, മാർ ഗ്രിഗോറിയോസ് എഡ്യൂക്കേഷണൽ സൊസൈറ്റി (പ്ലാൻ 1സെറ്റ് സഹിതം)

പകർപ്പ് : 1. സെക്രട്ടറി, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്.

2. അധികം- 1.

DESPATCHED
DATE 27/5/19

A/26.04.2019.